സംഭരണശേഷി അഞ്ച് കോടി ലിറ്റർ; പുത്തിഗെ അനോടി പള്ളം ഇനി സംരക്ഷണവലയത്തിലേക്ക്

കാസർകോട്: കാസർകോട് ജില്ല നേരിടുന്ന ജലപ്രതിസന്ധി പരിഹരിക്കാൻ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പുത്തിഗെ അനോടി പള്ളം അഭിവൃദ്ധിപ്പെടുത്താൻ പദ്ധതി ആരംഭിച്ചു. പ്രവൃത്തി ഉദ്ഘാടനം ഇന്ന് രാവിലെ റവന്യു ഭവന-നിർമാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ ഓൺലൈനായി നിർവഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യാതിഥിയായി. എം സി ഖമറുദ്ദീൻ എംഎൽഎ, ജില്ലാ കളക്ടർ ഡി സജിത്ത് ബാബു, എച്ച്എഎൽ അസിസ്റ്റന്റ് ജനറൽ മാനേജർ എ വി മുരളീകൃഷ്ണ, പഞ്ചായത്ത് പ്രസിഡന്റ് ജെ അരുണ തുടങ്ങിയവർ സംബന്ധിച്ചു.

പുത്തിഗെ പഞ്ചായത്തിലെ മുഖാരിക്കണ്ടത്ത് സ്ഥിതി ചെയ്യുന്ന അനോടിപള്ളത്തിന് ഏതാണ്ട് അഞ്ച് കോടി ലിറ്റർ സംഭരണശേഷിയാണുള്ളത്. രണ്ട് ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പള്ളം മേഖലയിലെ ഏറ്റവും വലിയ ജലസംഭരണിയാണ്. നിലവിൽ മണ്ണിടിഞ്ഞും മാലിന്യം നിക്ഷേപിക്കപ്പെട്ടും നാശത്തിന്റെ വക്കിലാണ് പ്രകൃതിദത്തമായ ഈ ജലസംഭരണിയെന്ന് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ വി എം അശോക് കുമാർ പറഞ്ഞു. അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി പള്ളത്തിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യും. ചുറ്റും സംരക്ഷണ വേലിയും സ്ഥാപിക്കുകയും മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഭാവിയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ആകർഷണ മേഖലയാക്കി മാറ്റാനും പദ്ധതിയുണ്ട്.

അഞ്ചുകിലോ ചന്ദനമുട്ടികൾ ഫോറസ്റ്റ് പിടികൂടി

കാഞ്ഞങ്ങാട്: ഇഖ്ബാൽ നാഗറിലെ കോട്ടേഴ്സിൽ താമസക്കാരനായ മുളിയാർ സ്വദേശി അലൂർ തായത്ത് അബൂബക്കറിന്റെ വസതിയിൽ ഒളിപ്പിച്ചു വെച്ച അഞ്ചുകിലോ ചന്ദനമുട്ടികൾ കാഞ്ഞങ്ങാട് ഫോറസ്റ്റ് പിടികൂടി. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കെ അഷ്റഫിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ പരിശോധനയിലാണ് കോട്ടേഴ്സിൽ ഒളിപ്പിച്ചുവെച്ച ചെത്തി മിനുക്കിയ ചന്ദനമുട്ടികൾ പിടികൂടിയത്.

ഇവിടെ സ്ഥിരമായിട്ട് ചന്ദനം വാങ്ങുന്നതായും വിൽക്കുന്നതായും വിവരം ലഭിച്ചിട്ടുണ്ട്. പ്രതി ഒളിവിലാണ്. ഊർജിതമായ അന്വേഷണം നടത്തുന്നുണ്ടെന്നും പ്രതിയെ ഉടൻ പിടികൂടുമെന്നും സംഘത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ വിനോദ്കുമാർ, ഷിഹാബുദ്ദീൻ, വിശാഖ്, ഗിരീഷ്, ജിതിൻ, അനശ്വര തുടങ്ങിയവർ പറഞ്ഞു

മുഖ്യമന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കോൺഗ്രസ് കമ്മിറ്റി കളക്ടറേറ്റ് പടിക്കൽ നടത്തിയ ഉപവാസത്തിന്റെ സമാപന സമ്മേളനം സി.കെ.ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു

കെ–ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

കാസർകോട്: കാസർകോട് വിദ്യാഭ്യാസ ജില്ലയിൽ 2020 ഫെബ്രുവരി മാസത്തിൽ കെ-ടെറ്റ് പരീക്ഷ എഴുതി വിജയിച്ച് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് കാറ്റഗറി ഒന്ന്, രണ്ട് വിഭാഗങ്ങൾക്ക് ആറ്, ഒമ്പത് തീയതികളിലും കാറ്റഗറി മൂന്ന്, നാല് വിഭാഗങ്ങൾക്ക് 10, 11 തീയതികളിലും കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വിതരണം നടത്തും. പരീക്ഷാർത്ഥികൾ ഒറിജിനൽ ഹാൾടിക്കറ്റുമായി ഹാജരാകണം.

പി. എം. ഇ. ജി. പി പദ്ധതി; അപേക്ഷ ക്ഷണിച്ചു

കാസർകോട്: കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പി.എം. ഇ.ജി.പി സ്വയം തൊഴിൽ പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഗ്രാമീണ മേഖലയിൽ ആരംഭിക്കാവുന്നതും ഉൽപാദന മേഖലയിൽ 25 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 10 ലക്ഷം രൂപ വരെയും മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 35 ശതമാനം വരെ മാർജിൻ മണിയും അനുവദിക്കും. ജനറൽ വിഭാഗത്തിന് 25 ശതമാനം, പട്ടികജാതി, പട്ടികവർഗ്ഗം, വികാലംഗർ, ന്യൂനപക്ഷം, വനിത, വിമുക്തഭടന്മാർ എന്നീ വിഭാഗത്തലിൽപ്പെട്ടവർക്ക് 35 ശതമാനം മാർജിൻമണിയും അനുവദിക്കും. ബാങ്ക് വായ്പ ലഭ്യത ഉറപ്പാക്കി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. പി.എം ഇ ജി പി ഇ പോർട്ടലിൽ പി.എം.ഇ.ജി.പി ഓൺലൈൻ ആപ്ലിക്കേഷൻ ഫോർ ഇൻഡിവിജ്യുൽ എന്ന ലിങ്കിൽ പ്രവേശിച്ച് കെ.വി.ഐ.ബി ഏജൻസി സെല്ക്ട് ചെയ്താണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 04672200585 എന്ന നമ്പറിൽ ഫോണിൽ വിളിക്കാം.

ശിലാഫലകത്തിൽ നിന്ന് പേര് ഒഴിവാക്കി; പ്രതിഷേധം

ചിത്താരി വില്ലേജോഫീസ് ശിലാഫലകത്തിൽ നിന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേരു നീക്കിയതിൽ മുസ്ലീംലീഗ്, യൂത്ത് ലീഗ് പ്രതിഷേധിച്ചപ്പോൾ

ചിത്താരി: പുതുക്കി പണിത ചിത്താരി വില്ലേജ് ഓഫീസ് ശിലാ ഫലകത്തിൽ നിന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീറിന്റെ പേര് ഒഴിവാക്കിയതിൽ അജാനൂർ പഞ്ചായത്ത് മുസ്ലിം ലീഗ്,യൂത്ത് ലീഗ് പ്രതിഷേധിച്ചു. നോർത്ത് ചിത്താരി ചാമുണ്ഡിക്കുന്ന് വില്ലേജ് ഓഫീസ് പരിസരത്ത് നടന്ന പ്രതിഷേധത്തിനു അജാനൂർ പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡന്റ് സലിം, ഫൈസൽ, ബഷീർ,സി.എച്ച്.നിസാമുദീൻ നേതൃത്വം നൽകി.

ക്ഷേമനിധി കുടിശ്ശിക അടയ്ക്കാൻ അവസരം

കാസർകോട്: കേരള ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി കുടിശ്ശിക അടച്ചുതീർക്കുന്നതിന് ഡിസംബർ 31 വരെ സമയം അനുവദിച്ചു.

കുംബഡാജെ ഗ്രാമപഞ്ചായത്തിനെ മാതൃകാ ഗ്രാമമാക്കി മാറ്റും

കാസർകോട്: സർസദ് ആദർശ് ഗ്രാമ യോജന പദ്ധതി പ്രകാരം മാതൃക ഗ്രാമമാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കുംബഡാജെ ഗ്രാമപഞ്ചായത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിച്ച ഓട്ടോമാറ്റിക്ക് ഹാൻഡ് സാനിറൈസിംഗ് മെഷീന്റെ സ്വിച്ച് ഓൺ കർമ്മം രാജ്മോഹൻ ഉണ്ണിത്താൻ എം.പി നിർവ്വഹിച്ചു.പഞ്ചായത്തിലെ വിദ്യാഭ്യാസ, സാമൂഹിക ആരോഗ്യ സാമ്പത്തിക മേഖലകളിലെ പിന്നോക്കാവസ്ഥകൾ കണ്ടെത്തി കേന്ദ്ര- സംസ്ഥാന പദ്ധതികളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഒന്നര വർഷം കൊണ്ട് പ്രവർത്തികൾ പൂർത്തികരിച്ച് ആദർശ ഗ്രാമമാക്കി പ്രഖ്യാപിക്കുന്ന പരിപാടിയാണ് സർസദ് ആദർശ് ഗ്രാമ യോജന പദ്ധതി വഴി പഞ്ചായത്തിൽ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി 24 പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്, എം പി യുടെ അധ്യക്ഷതയിൽ പഞ്ചായത്തിൽ ചേർന്ന യോഗം അംഗീകാരം നൽകി. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 2 വർഷത്തിനകം സൗജന്യ കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്നതിനും പദ്ധതി പ്രകാരം അനുമതി ആയി.സ്വച്ഛ് ഭാരത് മിഷൻ മുഖേന സർക്കാർ സ്കൂളുകളിൽ ബേബി ഫ്രണ്ട്ലി ടോയിലറ്റുകളും, ഗേൾഫ്രണ്ട്ലി ടോയിലറ്റുകളും, സ്ഥാപിക്കുന്നതിനും അംഗീകാരമായി. രാജമോഹൻ ഉണ്ണിത്താൻ എം.പി.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ കെ.പ്രദീപൻ,ചാർജ്ജ് ഓഫീസർ മുഹമ്മദ് മദനി തുടങ്ങിയവർ പദ്ധതി വിശദീകരിച്ചു. ക്ഷേമകാര്യ കമ്മിറ്റി ചെയർമാൻ കാസിം, സെക്രട്ടറി അച്ചുതമണിയാണി, വിവിധ മേഖലകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡണ്ട് ഫാത്തിമത്ത് സുഹറ സ്വാഗതവും വൈസ്പ്രസിഡന്റ് ആനന്ദ കെ. മൗവ്വാർ നന്ദിയും പറഞ്ഞു.

വ്യാപാരികൾ ധർണ്ണ നടത്തി

കാഞ്ഞങ്ങാട്:കോവിഡ് നിയന്ത്രണങ്ങളുടെ പേരിലുള്ള ഉദ്യോഗസ്ഥ പീഡനങ്ങൾ അവസാനിപ്പിക്കുക, ലൈസൻസിന്റെ പേരിൽ ' നടത്തുന്ന അന്യായമായ പിഴ ശിക്ഷകൾ ഒഴിവാക്കുക, ജി.എസ്.ടി യുടെ പേരിൽ നടപ്പിലാക്കുന്ന അന്യായമായ പിഴ ശിക്ഷകൾ നിർത്തിവെക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് വ്യാപാരി വ്യവസായി ഏകോപന സമിതി കേന്ദ്ര -സംസ്ഥാന ഓഫീസുകൾക്ക് മുന്നിൽ സംസ്ഥാന വ്യാപകമായി ധർണ്ണാ സമരം നടത്തി.കാഞ്ഞങ്ങാട് മർച്ചന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സെയിൽസ് ടാക്സ് ഓഫീസിനു മുന്നിൽ നടന്ന പ്രതിഷേധ സമരം കെ എം എ വൈസ് പ്രസിഡണ്ട് കെ.വി.ലക്ഷ്മണൻ ഉദ്ഘാടനം ചെയ്തു. എ.ഹമീദ് ഹാജി സ്വാഗതവും നിത്യാനന്ദ നായക് നന്ദിയും പറഞ്ഞു. ഗിരീഷ് നായക് ആധ്യക്ഷം വഹിച്ചു. പ്രദീപ് കീനേരി സംസാരിച്ചു.

മാവുങ്കാൽ: മാവുങ്കാൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആനന്ദാശ്രമം പോസ്റ്റ് ഓഫീസിനു മുന്നിൽ നടത്തിയ ധർണ്ണാ സമരം ജില്ലാ സെക്രട്ടറി എം. പി.സുബൈർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ലോഹിതാക്ഷൻ ആധ്യക്ഷം വഹിച്ചു. ജുഗേഷ്, മോഹനൻ, ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

പാലക്കുന്ന്: വ്യാപാരികൾക്കെതിരെ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ കൈക്കൊള്ളുന്ന ദ്രോഹ നടപടികൾക്കെതിരെ കെവിവിഇഎസ് കോട്ടിക്കുളം യൂണിറ്റ് ഉദുമ പഞ്ചായത്ത് ഓഫീസിന് മുൻപിൽ പ്രതിഷേധ സമരം നടത്തി. ജില്ലാ യൂത്ത് വിംഗ് പ്രസിഡന്റ് കെ. മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് വൈസ് പ്രസിഡന്റ് സ്തീശൻ പൂർണ്ണിമ ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി എം.എസ്. ജംഷീദ്, സെക്രട്ടറി മുരളി പള്ളം വനിതാ വിംഗ് പ്രസിഡന്റ് റീത്ത പത്മരാജ് എന്നിവർ പ്രസംഗിച്ചു.

എൻ എസ് എസ് പതാകദിനം ആചരിച്ചു

കാഞ്ഞങ്ങാട്: എൻ എസ് എസ് പതാകദിനം ആചരിച്ചു. ഹൊസ്ദുർഗ് താലൂക്ക് കരയോഗ യൂണിയൻ ഓഫീസിൽ പതാക ഉയർത്തി താലൂക്ക് യൂണിയൻ പ്രസിഡണ്ട് പി.യു. ഉണ്ണികൃഷ്ണൻ നായർ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. ആർ മോഹനകുമാർ, പ്രഭാകരൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

പാമ്പു പിടുത്തക്കാർക്ക് പരിശീലനം

കാസർകോട്: രണ്ടാം ഘട്ട പാമ്പ് പിടുത്ത പരിശീലനം നവംബർ 10ന് രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ചു വരെ കാസർകോട് വിദ്യാനഗറിലുള്ള വനശ്രീ ഫോറസ്റ്റ് കോംപ്ലക്സിൽ നടത്തും.മുൻകൂട്ടി രജിസ്റ്റർ ചെയ്തവർ അന്നേ ദിവസം പാസ്പോർട്ട് സൈസിലുള്ള ഒരു ഫോട്ടോ സഹിതം കൃത്യസമയത്ത് ഹാജരാകണം. വിവരങ്ങൾക്ക് 04994-255234, 8547603836 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

നവീകരിച്ച ഫോർട്ട് റോഡ് അംഗൻവാടി നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം ഉൽഘാടനം ചെയ്യുന്നു

റോഡപകടങ്ങളിൽ ഇരയാക്കപ്പെട്ടവരുടെ ഓർമ്മദിനത്തിൽചിത്രരചനാ മത്സരം

കാഞ്ഞങ്ങാട്:ലോകമെമ്പാടും നവമ്പർ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച റോഡപകടങ്ങളിൽ ഇരയാക്കപ്പെട്ടവരുടെ ഓർമ്മദിനമായി ആചരിക്കുന്നു. ഈ വർഷത്തെ ഓർമ്മദിനത്തിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് വെള്ളരിക്കുണ്ട് സബ് ആർ ടി ഓഫീസ് പുല്ലൂർ ദർപ്പണം കലാകേന്ദ്രത്തിന്റെ സഹകരണത്തോടെ 'റോഡിൽ പൊലിയുന്ന ജീവിതങ്ങൾ 'എന്ന വിഷയത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു.

പത്തു വയസു മുതൽ പതിനഞ്ചു വയസു വരെയുള്ള കുട്ടികൾക്ക് നടത്തുന്ന ഈ മത്സരത്തിൽ ഒന്നും രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകും. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ വരച്ച ചിത്രങ്ങൾ 13 ന് വൈകുന്നേരം 5 മണിക്കു മുമ്പായി 9846686317, 9747374558 എന്നീ നമ്പറുകളിൽ ഒന്നിൽ വാട്ട്സ് ആപ് വഴി അയക്കണം. പേര് വിലാസം, പഠിക്കുന്ന ക്ലാസ് മൊബൈൽ നമ്പർ എന്നിവ മറ്റൊരു പേപ്പറിൽ എഴുതി ഐഡന്റിറ്റി കാർഡിന്റെ കൂടെ ചേർത്ത് വെച്ച് ഫോട്ടോ എടുത്ത് ചിത്രത്തോടൊപ്പം അടക്കുക. മത്സരത്തിനു പ്രത്യേക മാധ്യമം ഇല്ലെന്നു അറിയിപ്പിൽ പറഞ്ഞു.

പരപ്പയിൽ കെ എസ് ഇ ബി ഓഫീസ് അനുവദിച്ചു

കാഞ്ഞങ്ങാട്:രാജപുരം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പരപ്പ കേന്ദ്രമായി കെ എസ് ഇ ബി ഓഫീസ് അനുവദിച്ചതായി വൈദ്യുതി മന്ത്രി എം എം മണിയുടെ ഓഫീസിൽ നിന്നും അറിയിച്ചു. ഈ മേഖലയിലെ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കിനാനൂർ-കരിന്തളം പഞ്ചായത്ത് പ്രസിഡന്റ് വിധുബാലയും സി പി എം ഏരിയ സെക്രട്ടറി ടി കെ രവിയും മുൻ എം പി പി കരുണാകരൻ മുഖേന നൽകിയ നിവേദനത്തെ തുടർന്നാണ് നടപടി. ഓഫീസ് പ്രവർത്തനത്തിനാവശ്യമായ കെട്ടിടം ലഭ്യമായാലുടൻ പ്രവർത്തനം ആരംഭിക്കും.

മോനാച്ചയിൽ നെൽകൃഷിയിൽ നൂറുമേനി വിളവ്

കാഞ്ഞങ്ങാട്: സിപിഎം മോനാച്ച ബ്രാഞ്ച് 3 ഏക്കറിൽ നടത്തിയ നെൽകൃഷിയിൽ നൂറുമേനി വിളവ്.

കൊയ്ത്തുൽസവം കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡണ്ട് വി കെ രാജൻ ഉദ്ഘാടനം ചെയ്തു. എം നാരായണൻ ആധ്യക്ഷം വഹിച്ചു. എ.ദാമോദരൻ, സി ബാലകൃഷ്ണൻ, സന്തോഷ് മോനാച്ച, സുജിത്ത് മോനച്ച, ഇ വി രാഘവൻ, എം സുരേശൻ സംസാരിച്ചു.

മോനാച്ച വയലിൽ നടന്ന നെൽകൃഷി വിളവെടുപ്പ് വി.കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു

നവീകരിച്ച അംഗൻവാടി ഉദ്ഘാടനം ചെയ്തു

കാസർകോട്: നവീകരിച്ച ഫോർട്ട് റോഡ് അംഗൻവാടി നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം ഉൽഘാടനം ചെയ്തു. കൗൺസിലർ റാഷിദ് പൂരണം ആധ്യക്ഷം വഹിച്ചു. ആസിഫ് എവറസ്റ്റ്, നൗഷാദ് കരിപ്പോടി, ജാഫർ കമാൽ, റഫീഖ് മശ്രിഖ്, ഷാഹുൽ ഹമീദ്, ഫൗസിയ റാഷിദ്, മഷൂദ്.കെ.എ, അബ്ദുല്ല, ഫത്താഹ്, ഹിഷാം പൂരണം, ഇ ഐ മുഹമ്മദ് കുഞ്ഞി, മണിയമ്മ, യശോദ ടീച്ചർ, അനിത ,മാലതി സംസാരിച്ചു.

ധർണ്ണ നടത്തി

കാഞ്ഞങ്ങാട്: മക്കൾക്കും ബന്ധുജനങ്ങൾക്കും വേണ്ടി മാത്രം ഭരണം നടത്തുന്ന രക്ഷിതാക്കളുടെ കൂട്ടായ്മയായി പിണറായി സർക്കാർ മാറിയെന്ന് കെ.പി.സി.സി സെക്രട്ടറി എം.അസിനാർ കുറ്റപ്പെടുത്തി.

ജീവനക്കാരുടെ അവകാശങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കുന്നതിനെതിരെയും, വിവിധആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടും സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനു മുന്നിൽ ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ നടത്തിയ ധർണ്ണ ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അസിനാർ.കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ട് പി.എം.ജോസഫ് ആദ്ധ്യക്ഷം വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. ടിറ്റോ ജോസഫ്, സുനിൽകുമാർ.സി, ഇ.ദശരഥൻ, ജയപ്രകാശ്, ടി.രമേശൻ എന്നിവർ പ്രസംഗിച്ചു.

മംഗൽപാടി പഞ്ചായത്ത് കെ എം സി സി മികച്ച സംഘാടനത്തിന്റെ മാതൃക

ദുബൈ: ഏറ്റെടുത്ത പദ്ധതികൾ വിജയകരമായും സമയബന്ധിതമായും നടപ്പാക്കുന്ന ദുബൈ കെ എം സി സി മംഗൽപാടി പഞ്ചായത്ത് കമ്മിറ്റി മികച്ച സംഘാടനത്തിന്റെ മാതൃകയാണെന്ന് ദുബൈ കെ എം സി സി കാസർകോട് ജില്ലാ വെൽഫെയർ സ്കീം ക്യാമ്പയിൻ ജനറൽ കൺവീനർ ഇസ്മായിൽ നാലാംവാതുക്കൽ അഭിപ്രായപ്പെട്ടു. പ്രമുഖ ഐ ടി വിദഗ്ദ്ധൻ കുഞ്ഞഹമ്മദ് മംഗൽപാടിക്ക് വെൽഫെയർ സ്കീം മെമ്പർഷിപ്പ് നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇബ്രാഹിം ബേരികെ, വൈസ് പ്രസിഡന്റ് സുബൈർ കുബണൂർ, സൈഫുദ്ദീൻ മൊഗ്രാൽ, മുനീർ ബേരിക്കെ,സുഹൈൽ കോപ്പ, ജബ്ബാർ ബൈദല, മുഹമ്മദ് കളായി, ഹാഷിം ബണ്ടസാല സംബന്ധിച്ചു.

കോടിയേരിയുടെ മകൻ മയക്കുമരുന്നു മൊത്ത കച്ചവടക്കാരൻ: ഹക്കീം കുന്നിൽ

പള്ളിക്കരയിൽ നടന്ന വഞ്ചനാദിനാചരണം ഹക്കീം കുന്നിൽ ഉദ്ഘാടനം ചെയ്യുന്നു

പള്ളിക്കര: സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ഇന്ത്യയിൽ തന്നെ ലഹരിമരുന്ന് വിതരണരംഗത്തെ മൊത്ത കച്ചവടക്കാരനാണെന്നു ഡിസിസി പ്രസിഡണ്ട് ഹക്കീം കുന്നിൽ ആരോപിച്ചു. വഞ്ചനാദിനം പരിപാടി പള്ളിക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെ.ഇ.എ ബക്കർ ആധ്യക്ഷം വഹിച്ചു. സുകുമാരൻ പൂച്ചക്കാട്, കെ. എൻ.രാജേന്ദ്രപ്രസാദ്, രാജേഷ്, മാധവ, ഷറഫു, റാഷിദ് പള്ളിമാൻ, ഇംത്യാസ് പള്ളിപ്പുഴ, ഷെഫീഖ് കല്ലിങ്കൽ, മജീദ് നേതൃത്വം നൽകി.

പരിശീലന ക്ലാസ് ആരംഭിച്ചു

കാസർകോട്: ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 21 കുടുംബശ്രീ അംഗങ്ങൾക്കുള്ള 3 ദിവസത്തെ പരിശീലന ക്ലാസ്സിന്റെ ഉദ്ഘാടനം ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നീലേശ്വരം നെടുങ്കണ്ടയിലുള്ള റെഡിമെയ്ഡ് ഗാർമെന്റ്സിൽ മുൻ എം.പി പി.കരുണാകരൻ നിർവ്വഹിച്ചു. കുടുംബശ്രീ ജില്ലാ കോ-ഓഡിനേറ്റർ ടി.ടി.സുരേന്ദ്രൻ ആദ്ധ്യക്ഷം വഹിച്ചു. ടി.വി.ബാലൻ, സതീഷ് നമ്പ്യാർ സംസാരിച്ചു.

കാസർകോട് നഗരസഭാ കാര്യാലയം

പി 2– 11213/21 തീയ്യതി: 02/11/2020

ടെണ്ടർ/ഇ – ടെണ്ടർ/ റി ടെണ്ടർ നോട്ടീസ്

കാസർകോട് നഗരസഭ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറുള്ള നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടർ/ ഇ – ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും www.kasaragodmunicipality.lsgkerala.gov.in, www.etenders.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കുന്നതാണ്.

ആകെ പ്രവൃത്തികൾ – 12
ആകെ അടങ്കൽ – 9034100

ഇ.ടെണ്ടർ etenders.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി, സമയം	05 – 11 – 2020, 10 മണി
ഇ.ടെണ്ടർ സമർപ്പിക്കാവുന്ന അവസാന തീയ്യതി, സമയം	13 – 11 – 2020, 5 മണി
പ്രമാണങ്ങൾ വിതരണം ചെയ്യുന്ന അവസാന തീയ്യതി, സമയം.	13 – 11 – 2020, 12 മണി
ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി, സമയം	18 – 11 – 2020, 12 മണി
ടെണ്ടർ തുറന്നു പരിശോധിക്കുന്ന തീയ്യതി, സമയം	18 – 11 – 2020 2 മണി
സെക്യൂരിറ്റി	5 %
നിരതദ്രവ്യം	2.5 %

ഒപ്, അസിസ്റ്റന്റ് എഞ്ചിനീയർ,
കാസർകോട് നഗരസഭ

ലോക സമാധാനത്തിന് പ്രവാചക പാത പിന്തുടരണം: മുഹിമ്മാത്ത് അബുദാബി

അബുദാബി : സമാധാന കാംക്ഷികൾക്കും മനുഷ്യ സ്നേഹികൾക്കും ഏറ്റവും വലിയ മാതൃകയാണ് പ്രവാചകർ മുഹമ്മദ് നബി (സ) തങ്ങളെന്ന് മുഹിമ്മാത്ത് അബുദാബി മീലാദ് സംഗമം അഭിപ്രായപ്പെട്ടു. സയ്യിദ് ഹാമിദ് അൻവർ അഹദ്ൽ തങ്ങളുടെ പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടി അബ്ദുൽ അസീസ് സഖാഫി മമ്പാട് ഉദ്ഘാടനം ചെയ്തു. ഹാജി ഇക്ബാൽ കുന്താപുര ആധ്യക്ഷം വഹിച്ചു. സമാപന പ്രാർത്ഥനക്ക് കേരള മുസ്ലിം ജമാഅത്ത് ജന.സെക്രട്ടറി സയ്യിദ് ഇബ്രാഹിം ഖലീൽ അൽ ബുഖാരി നേതൃത്വം നൽകി. മുഹിമ്മാത്ത് അക്കാഡമിക് സെക്രട്ടറി സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ, നൗഫൽ സഖാഫി കളസ, സയ്യിദ് ശിഹാബുദ്ദീൻ തങ്ങൾ, ബി എസ് അബ്ദുല്ലക്കുഞ്ഞി ഫൈസി, മൊയ്തീൻ ബാവ, സയ്യിദ് ഹാമിദ് അൻവർ അഹദ്ൽ തങ്ങൾ,അബ്ദുൽ ഖാദിർ സഖാഫി, സിദ്ധീഖ് ഹാജി പ്രസംഗിച്ചു. കമാലുദ്ദീൻ സ്വാഗതവും അബൂബക്കർ സിദ്ധീഖ് ഹിമമി നന്ദിയും പറഞ്ഞു.

കിഴക്കുംകരയിലെ രതീഷ് ചന്ദ്രന് തപസ്യ നൽകിയ അനുമോദനം

അനുമോദിച്ചു

കാഞ്ഞങ്ങാട്: മുഖ്യമന്ത്രിയുടെ പൊലീസ് സേനാമെഡൽ നേടിയ കിഴക്കുംകരയിലെ രതീഷ് ചന്ദ്രനെ കിഴക്കുംകര ടീം തപസ്യ അനുമോദിച്ചു.

പ്രസിഡണ്ട് പി വി രാജേഷ് കുമാർ, സെക്രട്ടറി കെ.കെ യോഗേഷ്, ട്രഷറർ എം വി മഹേഷ്, സുജേഷ് എന്നിവർ രതീഷിന്റെ വീട്ടിൽ എത്തിയാണ് ഉപഹാരം നൽകിയത്.

പി.എസ്.സി ഒ.എം.ആർ. പരീക്ഷ നാളെ

കാസർകോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു. പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള ഒ.എം.ആർ. പരീക്ഷ നാളെ ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ ജില്ലയിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും.

കോവിഡ് ബാധിതരും ക്വാറന്റയിനിൽ കഴിയുന്നവരുമായ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ വിവരം മുൻകൂട്ടി ജില്ലാ പി.എസ്.സി ഓഫീസിൽ dokzd.psc@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അനുബന്ധരേഖകൾ സഹിതം അറിയിക്കണം. മുൻകൂട്ടി അറിയിക്കാത്തവരെ പരീക്ഷയെഴുതുവാൻ അനുവദിക്കില്ലെന്നു കൂട്ടിച്ചേർത്തു.

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്ര സ്ഖലനം, സ്വപ്നസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം.എച്ച്. ചൗധരി
ഡോ.ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
ഭാരത് ഡിസ്പെൻസറി
(പാരമ്പര്യ ചികിത്സാലയം)
ഫോർട്ട് റോഡ് കാസർകോട്

സന്ദർശന സമയം രാവിലെ 8.30 മണി മുതൽ രാത്രി 7.30മണി വരെ എല്ലാ ദിവസവും സന്ദർശിക്കാം.

Mob: 9446060021, 9446090021 ഫോൺ: 04994 226115